
Liki
The Digital Magazine
G V H S S FOR GIRLS TIRUR - BP ANGADI

# ഉള്ളടക്കം

ആമുഖം.....................................................5
പൂക്കൾക്കുമുമ്പും..........................................6
വിദ്യാലയം...................................................7
മരണം.........................................................8
ആരുംകാണാക്കണ്ണീർ മഴ.................................10
അപ്പൂപ്പൻ താടി.............................................11
മിഴിതൻ നിലാവ് ..........................................12
പ്രാണനായ് എൻ ജീവനായ്.............................13
വയ്യായയ്കൾ...............................................15
പെണ്ണ്........................................................16
എന്റെ അമ്മ.................................................18
ലൈക്കർഗസ് കപ്പുകൾ...................................19
പസ്സിൽ......................................................20
ബുദ്ധിശക്തി................................................25
ആനന്ദ് എന്ന ആതിര.....................................26
മൈ ടീച്ചേഴ്സ്..............................................28
നീലകിണറുള്ളകാട്........................................29
ഇന്റർനെറ്റ്..................................................30

# ആശംസകളോടെ



സാങ്കേതികവിദ്യയുടെ അത്ഭുതകരമായ വളർച്ചയുടെ
വർത്തമാനകാല ചുറ്റുപാടിൽ അറിവിൻെറയും ആസ്വാദനത്തിൻെറയും
അനന്തവിഹായസ്സിലേക്ക് വായനയിലൂടെ പറന്നുയരാൻ
എല്ലാവർക്കും കഴിയുമാറാകട്ടെ.
ഗവ.ഗേൾസ് ഹയർസെക്കൻെററി സ്കൂളിലെ വിദ്യാർത്ഥികൾ
ഒരുക്കുന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

# ആശംസകൾ..........

"LITTLE KITES" കൂട്ടായ്മയിലൂടെ സാങ്കേതികവിദ്യയുടെ അനന്ത വിഹായസ്സിലേക്ക് ഉയരുകയും ഒപ്പം തങ്ങളുടെ സർഗ്ഗാത്മകതക്ക് ചിറക് മുളപ്പിക്കുകയും ചെയ്ത എന്റെ വിദ്യാർത്ഥികൾക്ക് എല്ലാ ആശംസകളും നേരുന്നു.......

SITC
RAVEENDRAN P.B

# ആമുഖം

കാലം മാറുകയാണ്; വിദ്യാർത്ഥികളും. മാറിയ പാഠ്യപദ്ധതിയിൽ കുട്ടികൾ അറിവുകളെ നിർമാണപഥത്തിലെത്തിക്കുന്നു. ജി.വി.എച്ച്.എസ്.എസ് ഫോർ ഗേൾസിലെ 'കുട്ടിപ്പട്ട'ങ്ങളായ ഞങ്ങളുടെ ശാസ്ത്രബോധം ഭാവനയുടെ തേരിലേറി ആകാശത്തേക്ക് പറക്കുകയാണ് ഇവിടെ. പക്ഷേ ഞങ്ങളുടെ വേരുകൾ ഇപ്പോഴും ഇവിടെത്തന്നെയാണ് എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. വന്നാലും ഞങ്ങൾക്കൊപ്പം

റെയ്ന ടി.എസ് 9 B

## പൂക്കൾക്കുമുമ്പും



പൂക്കൾ പിറക്കുന്നതിന് മുമ്പും

ഭൂമി മനോഹരിയായിരുന്നു

വർണങ്ങളന്നുമുണ്ടായിരുന്നു

വാരുറ്റ വാനമുണ്ടായിരുന്നു

പുഴകളും മലകളും

മഴകളും ശിലകളും

ഭൂമിയിലെന്നുമുണ്ടായിരിന്നു

തീപ്പൊരികൾ വിണ്ണിൽ ചിതറിച്ചുനിൽക്കുന്ന

തീമലകളുമുണ്ടായിരുന്നു

മഴ മേഘമുണ്ടായിരുന്നു

പലനിറം ചൂടി ചിതറികിടക്കുന്ന

ശിലകളുമുണ്ടായിരുന്നു ഭൂമഎന്നും മനോഹരമായിരുന്നു

നവ്യ 9 C




## വിദ്യാലയം

തുഞ്ചന്റെ മണ്ണിൽ-

ആദ്യാക്ഷരം കുറിച്ചു.

അറിവിന്റെ നാളം-

ആദ്യമായി തെളിയിച്ചത്-

വിദ്യാലയത്തിലായിരുന്നു.

ആ വിദ്യാലയം എൻ-

ജീവനിൽ തങ്ങിനിൽക്കുമീ-

മധുരമാം ഓർമ്മയായ്-

എന്നുമുണ്ടാകും-

എന്റെ കൂടെയുണ്ടാവും

## *മരണം*

*ഹനാൻ 9 A*

വന്നു വിളിക്കുമ്പോൾ വരില്ലെന്നു പറയാനൊക്കുമോ.....

പോകേണ്ടതാണന്നേ ഓരോരുത്തരും

കെണിയാണ് മുമ്പിലും പിമ്പിലും

കാലൊന്നു തെറ്റിയാൽ ഇടറിവീണു പോകും.....

ഇരുണ്ടതാണന്ന് തോന്നും പക്ഷേ....

വെളിച്ചമുണ്ട് നന്മയുള്ളിടത്ത്....

കറുത്ത പിശാച് മധുരം നുകരുമ്പൾ

അറിയണം അതിലുള്ള കയ്പുള്ള തിൻമയെ

മരണം എന്ന പാതയിൽ  തടസ്സങ്ങളില്ല....

വ്യത്യസ്തമാം പാതയാണുണ്ണിയത്....

ഭയാനകമാണെന്നറിഞ്ഞുക്രൂടെ.....



# ആരും കാണാക്കണ്ണീർമഴ

ധന്യ 10 C



ജീവിതത്തിൻ ഇരുണ്ടവഴികളിൽ

ഏകയായ് ഒറ്റപ്പെട്ടുപോയി ഞാൻ...

ജീവിത സ്വപ്നങ്ങൾ മൺ മറഞ്ഞു

ആഗ്രഹങ്ങൾ മോഹങ്ങൾ കടപുഴകി വീണു

ജീവിത സാഹചര്യങ്ങളിൽ പുതുഓർമ്മകൾ

തന്നവർ പാതിവഴിയിൽ എന്നെ ഉപേക്ഷിച്ചു....

ഇന്നവർ എൻ കണക്കു പുസ്തകത്തിലെ

വെറും ഓർമ്മകൾ മാത്രം.

ചിതലരിച്ച ജീവിത സാഹചര്യം പേറി ഞാൻ

ജീവിതമാകുന്ന ചക്രമില്ലാ ഉന്തുവണ്ടി...

ഒറ്റയ്ക്ക് ഉന്തി ഞാൻ കൊണ്ടു പോകുന്നു

## അപ്പൂപ്പൻതാടി

ആയിഷ 9 E

മാനത്തൊരു അപ്പൂപ്പൻതാടി

പാറി പാറി

ഉയരം

കീഴടക്കിയതാണെന്നു

ഉയരം

അമ്പിളിമാമൻ

പുഞ്ചിരികൊള്ളുമ്പോൾ





## *മിഴിതൻ നിലാവ്*

ഫാത്തിമ നസ്റിൻ(9-B)

കടലിൻെ്റ മടിത്തട്ടിൽ തിരയുന്നു ഞാനിന്ന്

അലയടിച്ചുയരുന്ന തിരമാലതൻ മൗനവും

കാതലേ നിന്നെയും തേടിയലഞ്ഞു ഞാൻ

കുളിരേകി അലയുന്ന കാറ്റിൻെ്റ മിഴികളിൽ

കിനാവിൻെ്റ ഗന്ധം പുരണ്ടൊരാ രാവിലും

ഓർക്കുവാൻ നിന്നുടെ ഭംഗിതൻ വർണ്ണന

മനസ്സിൻെ്റ ഉൾത്തറമേട്ടിൽ നിനക്കു ഞാൻ

കാത്തുവെച്ചീടാമെൻ മനസ്സിൻെ്റ ലാളന

അനുരാഗത്തളിരു വിരിയിക്കുവാ നിന്ന്

ഹൃദയത്തിൽ താളിലെ വിടരുന്ന മൊട്ടുകൾ

*പ്രാണനായ്എൻ ജീവനായ്* *ഫാത്തിമ ഹിബ 9 A*

*കനവാമൊരു കായൽതിരയിൽ*

അനുരാഗം ഉണരുന്നു

പ്രണയത്തിൽ രുവൽ തളികയിൽ

കുളിർ തെന്നലുയരുന്നു

നീയെന്നു വരുമെൻ തോഴാ

കാത്തു കാത്തു നിൽപ്പൂ ഞാനും

നിലാവിന്റെ മാനം നിറയെ

നിൻ മുഖം മാത്രം മാത്രം

ഓർമതൻ പൊൽ തിരിവെട്ടം

ഉദിക്കുമാ രാവിൽ നീയും

എന്നുടെ ഗാനം കേൾക്കാൻ

വരുംമെന്ന് ഞാൻ നിനച്ചു


Aug 15, 2017


Sastraposhini
Sep 5, 2016

## വയ്യായ്കകള്

ഹബൈബ (TEACHER)

നാവിനു നേരോതുവാൻ വയ്യ

നേരിനു കയ്പും ചവർപ്പും.

കണ്ണിനു നേർകാഴ്ചകൾ വയ്യ

കാഴ്ചക്കു മൂടലും മങ്ങലും.

കൈകൾ സാന്ത്വനമാകുമ്പോൾ

അർത്ഥങ്ങൾ അനർത്ഥങ്ങളാകുന്നു.

വയ്യായ്കൾ വയ്യാവേലികളാകുമ്പോൾ

രോദനങ്ങൾ നെഞ്ചിൽ കുറുകുന്നു.

നേരും നുണയും ഇഴപിരിഞ്ഞൊടുവിൽ

മൗനത്തിൽ വാൽമീകം തീർക്കുമ്പോൾ

വയ്യെനിക്കു കുത്തിപൊട്ടിക്കാൻ

നവലോകം നോക്കികാണുവാൻ

വയ്യായ്കളിൽ മുങ്ങിപൊങ്ങി

അനന്തതയിൽ ഞാനലയുന്നു.

# പെണ്ണ്

ഹന്നത്ത് 10 D

കറുത്ത കഴുകന്മാരെ  എനിക്കു ഭയമാണ്

സ്പർശനം അറിയിക്കുന്നു,

അവൻെറ മനസിലെ ആർത്തി,

നശിച്ചു പോയ് ജീവിതം,

പകർന്ന നവരസം

അറിഞ്ഞില്ല കിടാവ്,

ആ കറുത്ത മനസ്സ് പകർന്ന

കയ്പേറിയ മധുരം,

വളരുന്ന  ലോകത്തിൽ അലിഞ്ഞു

ലഹരിയായ് പെണ്ണണ് ,

ഉപേഷിക്കണമോ  അവൾ

ജിഷയോ,സൗമ്യയോ???,

മനുഷ്യർക്ക് അമ്മ പെങ്ങൻമാർ ആരെന്ന്
തിരിച്ചറിയാതെയായോ

പൊരുതണം പെണ്ണേണ നീ

ഇനിയൊരു ജിഷയും സൗമ്യയും

കേരളത്തിൽ വേണ്ട.......




Nikhila.P. 8B


Anagha.K
VIIIA



# എന്റെ അമ്മ

സിനു മേരി പോൾ 9 B




പുലരുനേരം എഴുന്നേൽപ്പിക്കും

എൻ്റെ സ്വന്തം അമ്മ

കണിയായ് പുഞ്ചിരി വിരിയിച്ചിട്ടും

വാടാമലരായ് എന്നമ്മ

ചോറും കറിയും ഏകിയെന്ന

പരിപാലിക്കും അമ്മ

മുടി ചീകിടാൻ പൊട്ടുകുത്താൻ

എന്നും അരികിൽ അമ്മ

പാട്ടും കഥയും ഊണത്തിൽ

ചൊല്ലിത്തരും എന്നമ്മ

കുസൃതികാട്ടി നടന്നാൽ എന്നെ

അടിയൊടിക്കും അമ്മ

എങ്കിലുംമെങ്കിലുമെന്നന്നും

സ്നേഹക്കടമാണമ്മാ


# ലൈക്കർഗസ് കപ്പുകൾ


*മലീഹ 9 D*

205 എഡി 240-325 കാലഘട്ടത്തിൽ റോമിലോ അലക്സാണ്ഡ്രിയയിലോ നിർമിക്കപ്പെട്ടുന്നതെന്ന് കരുതപ്പെടുന്ന പ്രത്യേകതരം ചഷകങ്ങളാണ് ലൈക്കർഗസ് കപ്പുകൾ, പ്രകാശം പതിക്കുന്ന വശത്തിനനുസരിച്ച് നിറംമാറ്റം വരുന്നു എന്നതാണ് ഇവയുടെ പ്രത്യേകത. പ്രകാശം പതിക്കുന്നത് കപ്പിനു പിന്നിൽ നിന്നാണെങ്കിൽ ചുവപ്പ് നിറത്തിലും മുന്നിൽ നിന്നണെങ്കിൽ പച്ചനിറത്തിലും കാണപ്പെടുന്നു. ഇവയുടെ അടങ്ങിയിട്ടുള്ള സ്വർണ്ണത്തിന്റെയും വെള്ളിയുടെയും നാനോകണികകളാണ് ഇത് നിറം മാറ്റത്തിന് കാരണം. നാനോടെക്നോളജിയുടെ ആദ്യകാല ഉദാഹരണങ്ങളിൽ ഒന്നായി ഇത് കണക്കാക്കപ്പെടുന്നു. പിറകിൽ നിന്ന് പ്രകാശം പതിക്കുമ്പോൾ നാനോകണികകളിൽ തട്ടി വിസരണം നടക്കുന്നത് തരംഗദൈർഘ്യം കുറഞ്ഞ നീല വയലറ്റ് തുടങ്ങിയ നിറങ്ങളാണ് പ്രകാശം പതിക്കുന്ന വശത്ത് നിന്നുനോക്കുമ്പോൾ ഇവയെല്ലാം കൂടിചേർന്ന് പച്ചനിറത്തിൽ കപ്പ് കാണപ്പെടുന്നു ബ്രിട്ടീഷ് മ്യൂസിയത്തിൽ ഇത്തരമൊരു കപ്പ് സൂക്ഷിച്ചിട്ടുണ്ട്.



# PUZZLE








# PUZZLE

what goes into the last box?

| | | |
|---|---|---|
| 1 | 3 | 5 |
| 2 | 4 | ? |

Hint: It's not 6!



# ഉറൂബ്



**(1915-1979)**


**മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ജനനം. കേരള സാഹിത്യ അക്കാദമി അധ്യക്ഷനായിരുന്നു. കേന്ദ്ര-സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു. ഉമ്മാച്ചു, അമ്മിണി, അണിയറ, മൗലവിയും ചങ്ങാതിമാരും, ഗോപാലൻനായരുടെ താടി, തുടങ്ങിയവ പ്രധാന കൃതികൾ.**

# ചെറുശ്ശേരി



**ക്രി.വ. പതിനഞ്ചാം നൂറ്റാണ്ടിൽ ഉത്തരകേരളത്തിൽ ജീവിച്ചിരുന്ന മഹാകവി. കോലോത്തുനാട് ഭരിച്ചിരുന്ന ഉദയവർമ്മ രാജാവിൻെറ പണ്ഡിതസദസ്സിലെ അംഗമായിരുന്നു. ഭാഗവതം ദശമസ്കന്ധത്തെ ആധാരമാക്കി രചിച്ച കൃഷ്ണഗാഥയാണ് അദ്ദേഹത്തെ അനശ്വരനാക്കിയ കൃതി.**

# എം.എൻ. വിജയൻ



**(1930-2007)**

**കൊടുങ്ങല്ലൂരിനടുത്ത് ലോകമേലേശ്വരത്ത് ജനിച്ചു. അധ്യാപകൻ, നിരൂപകൻ, പ്രഭാഷകൻ എന്നീ നിലകളിൽ സാംസ്കാരികരംഗത്ത് നിറഞ്ഞുനിന്നു. പതിനഞ്ചാം വയസ്സിൽ അധ്യാത്മിക വിപ്ലവം എന്ന ആദ്യ ലേഖനം പ്രസിദ്ധീകരിച്ചു. വൈലോപ്പിള്ളി, കേസരി എ. ബാലകൃഷ്ണപിള്ള, വൈക്കം മുഹമ്മദ് ബഷീർ എന്നിവരെക്കുറിച്ച് മൗലികമായ പഠനങ്ങൾ നടത്തി. ചിതയിലെ വെളിച്ചം, മരുഭൂമികൾ പൂക്കുമ്പോൾ കവിതയും മനശ്ശാസ്ത്രവും തുടങ്ങി മുപ്പതിലേറെ കൃതികൾ രചിച്ചു.**

# ഉള്ളൂർ എസ്. പരമേശ്വരയ്യർ



***(1877-1949)***

***ചങ്ങനാശ്ശേരിയിൽ ജനനം. കവി, സാഹിത്യകാരൻ, ഗവേഷകൻ, നിരൂപകൻ, പത്രാധിപൻ, ദിവാൻപേഷ്കാർ തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. ഉമാകേരളം, കർണഭൂഷണം, പിംഗള, ചിത്രശാല, തരംഗിണി മുതലായ കൃതികൾ രചിച്ചു***

# ഹെർമൻ ഹെസ്സെ



**(1877-1962)**

**ജർമനിയിൽ ജനനം. ഹെർമൻ ഗുണ്ടർട്ടിന്റെ പേരക്കുട്ടിയാണ്. കവി, നോവലിസ്റ്റ്, ചെറുകഥാകൃത്ത്, ചിത്രകാരൻ എന്നീ നിലകളിൽ പ്രശസ്തൻ. 1946 ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു. The Glass Bead Game, Siddhartha, Steppen Wolf, Demain, Narcissus and Goldmund എന്നിവയാണ് പ്രധാന കൃതികൾ**

# ജോസഫ് മുണ്ടശ്ശേരി



**(1903-1977)**

**തൃശ്ശൂരിലെ കണ്ടശ്ശാംകടവിൽ ജനനം. സാഹിത്യ വിമർശകൻ, അധ്യാപകൻ, വാഗ്മി, വിദ്യാഭ്യാസമന്ത്രി, എന്നീ നിലകളിൽ ബഹുമുഖനായ വ്യക്തിത്വത്തിനുടമ. കൊഴിഞ്ഞ ഇലകൾ (ആത്മകഥ), കാവ്യപീഠിക, നാടകാന്തം, കവിത്വം, മാറ്റൊലി, മാനദണ്ഡം, വായനാശാലയിൽ, പ്രൊഫസർ തുടങ്ങിയവ പ്രധാന കൃതികൾ.**

# ബുദ്ധിശക്തി

റെയ്സ

**പൊങ്ങച്ചേ പറയുന്നത് ശീലമാക്കിയ ഒരു ഗുസ്തിക്കാരൻ,ഖോജനസ്റുദീനോട് ബഡായി പറയാൻ തുടങ്ങി.**

**"500 കിലോഗ്രാമിൻെറ പാറ ഇതാ. എൻെറ ഈ കൈകൊണ്ട് പൊക്കി ആ മുറ്റമതിലിനുമപ്പുറത്തേക്ക് വലിച്ചെറിയാൻ എനിക്ക് കഴിയും.വേണമെങ്കിൽ താങ്കൾത്തന്നെ പരീക്ഷിക്കാം"**

**ഖോജ തൻെറ പോക്കറ്റിൽ നിന്നൊരുസിൽക്ക് തൂവാലയെടുത്ത് അയാളെ ഏൽപ്പിച്ചിട്ട് പറഞ്ഞു.**

***"ഇതുകൊണ്ട് പത്ത് ഗ്രാം ഭാരമേ കാണൂ. താങ്കൾ ഇവിടെ നിന്നുകൊണ്ട് മുറ്റമതിലിനടുത്തേക്ക് ഇതൊന്നു എറിഞ്ഞു കാണിച്ചുതരൂ."ഗുസ്തിക്കാരൻ തൂവാലയെടുത്ത് എറിയാൻ തുടങ്ങി. പലവട്ടം എറിഞ്ഞിട്ടും മതിലിനപ്പുറത്തേക്ക് പോകാതെ മുറ്റത്തുകൊണ്ടിരുന്നു. ഒടുവിൽ അയാൾ നിസ്സഹായനായി ഖോജയെ നോക്കി. ഖോജ ആ തൂവാല വാങ്ങിചിരിച്ചുകൊണ്ട്പറഞ്ഞു."ഇനി എൻെറ ശക്തി കണ്ടോളൂ".ഈ തൂവാലെകൊപ്പം ഒരു പാറക്ഷണം കൂടി എനിക്ക് മതിലിനപ്പുറത്തേക്ക് എത്തിക്കാനാവും. എന്നിട്ട് അമ്പരത്തോടെ എന്ന മട്ടിൽ ഒരു നിൽപ്പും.***

## ആനന്ദ് എന്ന ആതിര

ആജിഷ 9 A

കൃഷികാരനായ രാഘവൻറെയും രാധികയുടെയും 5 മക്കളിൽ ഇളയവനായിരുന്നു,ആനന്ദ് .4 ചെച്ചിമാർക്കിടയിൽ ഒരു കുഞ്ഞനിയനായി അവൻ വളർന്നു വന്നു.വീടിലെ കഷ്ടപ്പാടുകളൊന്നും അവനെ അവൻറെ മതാപിതാക്കളും സഹോദരിമാരും അറിയിച്ചില്ല. തൻറെ പെൺമക്കളെക്കാൾ ഉയരത്തിൽ തൻറെ മകനെ എത്തിക്കണമെന്ന് ആ മാതാപിതാക്കൾ ഒരു പോലെ ആഗ്രഹിച്ചു. പഠിത്തത്തിൽ അവൻ വളരെ മിടുക്കന് ആയിരുന്നു.പഠിത്തം പോലെ തന്നെ പെരുമാറ്റത്തിലും അവൻ മറ്റ കുട്ടികളെക്കാൾ പക്വതയുള്ളവനയിരുന്നു. ആയിടെ അവൻ ഹൈസ്കൂൾ പഠിക്കുന്ന സമയത്ത് അവന് ചില മാറ്റങ്ങൾ അനുഭവപ്പെടാൻ തുടങ്ങി. മറ്റ ആൺകുട്ടികളിൽ നിന്ന് താൻ വ്യത്യസ്തനാനെന്നും മാനസികമായി താൻ അവരിൽ നിന്നും അകലുകയനെന്നും അവനു ഒപ്പമുള്ളതിനേക്കാൾ കൂടുതൽ അവൻ പെൺകുട്ടികളോട് ഇടപഴകാൻ തുടങ്ങി. കുറേ നാളുകൾക്ക് ശേഷം പാഠപുസ്തകങ്ങളിൽ നിന്ന് അവൻ തൻറെ മാറ്റം തിരിച്ചറിഞ്ഞു തൻറെ ശരീരം പുരുഷൻറെതാണെലും തൻറെ മനസും ചിന്താഗതിയുമെല്ലാം പെൺക്കുട്ടികളുടെ പോലെയാണെന്ന് അവൻ മനസിലാക്കി.എന്നാൽ തൻറെ ഈ വ്യത്യസ്തത മറ്റുള്ളവർ അറിയരുതെന്ൻ അവൻ ആഗ്രഹിച്ചു. കാരണം, ഇത്തരത്തിലുള്ള ആളുകളെ മറ്റൊരു കണ്ണിലൂടെയാണ് കാണുന്നത് എന്ന സത്യം അവൻ അപ്പോഴേക്കും മനസ്സിലാക്കിയിരുന്നു. അതിനാൽ താനിത് മറ്റുള്ളവരെ അറിയിക്കുന്നത് താൻ സമൂഹത്തിൽ ഒറ്റപെടുമെന്നു അവൻ ഭയപ്പെട്ടു. അതിനാൽ തന്നെ അവനെ ആരേയും ഒന്നുമറിയിച്ചില്ല. എന്നാൽ ആനന്ദിൻറെ ഈ മാറ്റം ഒരാൾ മാത്രം ശ്രദ്ധിച്ചിരുന്നു, അതവൻറെ അമ്മയായിരുന്നു.മക്കളുടെ മാറ്റങ്ങളും വിഷമങ്ങളും ആദ്യം മനസിലാക്കുന്നാത് അവരുടെ അമ്മമാർ തന്നെയായിരിക്കും.അവർ അവനോട് സംസാരിച്ചു. പ്രശ്നങ്ങൾ മനസ്സിലാക്കി. തൻറെ അമ്മയുടെ സ്നേഹത്തിനും വാൽസല്യത്ത്തിനും മുൻപിൽ അവൻ തളർന്നുപോയി. അവൻ തൻറെ അവസ്ഥ അവൻറെ അമ്മയെ അറിയിച്ചു. മകൻറെ അവസ്ത അറിഞ്ഞ അമ്മ തളർന്നുപോയി. സമൂഹത്തിൽ നിന്ന് തൻറെ മകന് നേരിടേണ്ടി വരാവുന്ന എതിർപ്പുകളെ ഓർത്ത് അവർ ദുഃഖിച്ചു. ഒടുവിൽ തൻറെ മകൻറെ അവസ്ഥ കുടുംബത്തെ അറിയിക്കാമെന്ന് അവർ തീരുമാനിച്ചു. എന്നാൽ അവൻ അത് എതിർത്തു. അച്ഛനും ചേച്ചിമാർക്കും തൻറെ ഈ മാറ്റം ഉൾകൊള്ളാൻ കഴിയില്ലെന്ന് അവൻ വേവലാതിപ്പെട്ടു. തന്നെ പോലുള്ള ഒരു പാട് പേർ കുടുംബത്തിൽ നിന്ന് പോലും ഒറ്റപെട്ട് മറ്റുള്ളവരിൽ നിന്ന് അകന്നു കഴിയുകയാണെന്ന് അവൻ അതിനകം തന്നെ അറിഞ്ഞിരുന്നു. തനിക്കും ആ അവസ്ഥ വന്നേകുമോ എന്നവൻ ഭയപ്പെട്ടു. എന്നാൽ അമ്മയുടെ നിർബന്ധത്തിനു വഴങ്ങി അവൻ അതിനു സമ്മതിച്ചു. മകൻറെ ഇത്തരമൊരു മാറ്റം അച്ഛനും സഹോതരിമാർക്കും വലിയൊരു ആഘാതമായിരുന്നു. തൻറെ സ്വപ്നങ്ങളെല്ലാം തകർന്നടിയാൻ പോകുകയാണല്ലോ എന്നയാൾ വേദനയോടെ ഓർത്തു. എന്നാൽ അയാൾ തൻറെ മനസാക്ഷിയോട് ചോദിച്ചു ഇത്തരക്കാർക്കും ജീവിക്കാൻ സ്വാതന്ത്രമില്ലേ. ഈ ലോകം ആരുടേയും നിയന്ത്രണത്തിലല്ലല്ലോ അതിനാൽ തന്നെതൻറെ മകനും ഈ സമൂഹത്തിൽ ജീവിക്കാം എന്ൻ അയാൾ മനസ്സിലാക്കി. തുടർന്ൻ ആനന്ദിന് ഒരു പുനർജന്മമെന്ന നിലയിൽ ആണ്കുട്ടിയില് നിന്ന് പെണ്ക്കുട്ടിയിലേക്കുള്ളഒരു മാറ്റത്തിന് അവൻ തയ്യാറെടുത്തു. തൻറെ കുടുംബത്തിൽ നിന്ൻ ഇങ്ങനെയൊരു തീരുമാനം അവൻ പ്രദീക്ഷിചിരുന്നില്ല. തൻറെ സ്വപ്നങ്ങൾ അവസാനിച്ചുവെന്നും തന്നെപോലുള്ളവരെ പോലെത്തന്നെ

താനും ഏതെങ്കിലും ഒരു സ്ഥലത്ത് ആരാരുമായും യാതൊരു ബന്ധവുമില്ലാതെ കഴിയേണ്ടി വരുമെന്നുമാണ്ൺ അവൻ കരുതിയത് എന്നാൽ എൻറെ കുടുംബത്തിൻറെ ഈ തീരുമാനത്തോടെ"പ്രതീക്ഷയുടെ ഒരു നേരിയ തിരിയിളക്കം അയാളിൽ അനുഭവപെട്ടു". ഇപ്പോൾ അവൻ തൻറെ മാതാപിതാക്കളുടെ അഞ്ചു മക്കളിൽ ഇളയ'മകളായ' ആതിരയാണ്.ആനന്ദിൽ നിന്ന് ആതിരയിലെക്കുള്ള ദൂരം വളരെ സങ്കീർണമായിരുന്നു. എന്നാൽ 'അവളുടെ' കുടുംബത്തിൻറെ ഉയർന്ന ചിന്താഗതിയുംവിശാലമായ മനോഭാവവും ആ സങ്കീർണമായ ദൂരത്തെ ലഘൂകരിച്ചു. തന്റെ സ്വപ്നങ്ങളെ വീണ്ടും നെയ്തെടുക്കാനും അത് നേടിയെടുക്കാനും 'അവൾ' ശ്രമിക്കുകയാണ്, മറ്റേതൊരു

പെൺകുട്ടിയെയും പോലെ തന്നെ.

## ***MY TEACHERS*** **Fathima Anna PP 9 B**

**That's a second period. The teacher was absent in class. we feel very happy. But...**

**suddenly we can see that the door open in slowly. We look curiously. Yes,that's our maths teacher! We feel very angry and fed up. Because all are hate maths. My self also. There was a reason behind it. That In all exam test I get low grade. We are took our maths test and note. Teacher was ready to teaching. Suddenly we heard a noise. We look outside. Then we can see that the physics teacher was came from in left side and chemistry teacher was came from the other side. Both are came to our class. We are started laugh to see Their actions. Then I remember a What's App status. I laugh again and again......**

# നീലക്കിണറുള്ള കാട്

*ഫാത്തിമ ഫഹ്മി.എഫ്.എ 9 E*

*താമസം പട്ടണത്തിലേക്കു മാറ്റിയതിനു ശേഷം പഴയ വീട്ടിലും പരിസരത്തുമൊന്നും പോകാറേയില്ല. അന്ന് ഞങ്ങൾ,ഞങ്ങളെന്നു പറഞ്ഞാൽ ഞാനും എൻറെ രണ്ടു സഹപാഠികൾ സാനുവും ശ്രീലക്ഷ്മിയും. പ്രകൃതി നിരീക്ഷണം. പ്രൊജക്റ്റ് എന്നൊക്കെ കാരണമുണ്ടാക്കി. അവിടെ പോയി പറമ്പ് ഒരു കൊച്ചു കാടുപോലെയയിരുന്നു. മുഴുവൻ വൃക്ഷലതായികൾ, പടുകൂറ്റൻ മരങ്ങൾ, പത്ത് മുപ്പത്തിയഞ്ചു ചെറുതും വലുതുമായ പനകൾ ഒത്ത നടുക്കൊരു കിണറും. വെള്ളത്തിന് നല്ല കടുംനീല കളർ ആണ്. നിറയെ പുളിമാങ്ങ കായ്ക്കുന്നു.ഒരു മുത്തച്ചൻ മാവും പറമ്പിൽ ഉണ്ട്. വല്യച്ചൻറെ പ്ലാൻറെഷനുവേണ്ടി കുഴിച്ച കിണർ ഇപ്പോൾ വെറുതെയിട്ടിരിക്കുന്നു. ചാഞ്ഞു നിൽക്കുന്ന മരത്തിൽ പിടിച്ച് അതിലേക്കൊന്നു എത്തിനോക്കിയപോൾ ഒന്നുരണ്ടു പാമ്പുകൾ ചുറ്റിയിരിക്കുന്നത് കണ്ടു. വെള്ളത്തിൽ ഒന്നുരണ്ടെണ്ണം! ഇനി കരയിൽ എത്രയെണ്ണം ഉണ്ടോ ആവോ! വലിയ ഒരു വിഷ്ണുക്ഷേത്രത്തിൻറെ പിറകിലാണ് പറമ്പ്. വശത്തു കൂടി പുഴയൊഴുകുന്നു. മറുവശത്ത് വിശാലമായ വയൽ. പച്ചപരവതാനി വിരിച്ചപോലത്തെ വയൽ കാണാനൊക്കെ നല്ല ചേലാ. ഒന്ന് നടന്നുവരാൻ തോന്നുമെങ്കിലും ശേഷമുണ്ടാകുന്ന ചൊറിച്ചിലും ദേഹത്തു പുരളുന്ന ചളിയും ഓർത്തപ്പോൾ മടിച്ചു. നേരത്തെ പറഞ്ഞ മരങ്ങളൊക്കെ ഒരു നേരിയ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നുണ്ടായിരുന്നു. പറമ്പിങ്ങനെ കാടായതോടെ കുറേ പാമ്പും,മയിലും,കുരങ്ങനുമൊക്കെ അതിതികലായി എത്തുന്നുണ്ടെന്ന് അയലത്തെ മുത്തശൻ പറയുന്നത് കേട്ടിരുന്നു. സത്യത്തിൽ ഒരു മയിലിനെ കാണുക,ഒരു പീലിയെങ്കിലും തപ്പിയെടുക്കുക എന്നതായിരുന്നു എൻറെ ലക്ഷ്യം പറഞ്ഞിട്ടെന്താ മയിലിൻറെ പൊടിപോലും അവിടെ കണ്ടില്ല. കുറേ പാമ്പുമാത്രം. പറമ്പിൽ കയറിയാൽ ചൊരിയിച്ചു പുറത്ത് ചാടിക്കാൻ നായിക്കരണ ഒരു പന്തുപോലെ പടർന്നിട്ടുണ്ടാവിടെ. വള്ളികളിലും താഴത്തുമോക്കെയായി ധാരാളം പൂക്കൾ സുഗന്ധം പരത്തി വിരിഞ്ഞു നിൽക്കുന്നു.*

**പുഴ ഞങ്ങളെ മാടി വിളിച്ചു. പോകാതിരിക്കാൻ പറ്റുമോ. പുഴയിൽ വെള്ളം കുറവാണ്. എത്ര പെട്ടന്നാണ് സൂര്യൻ തൻറെ ഉടുപ്പ് മാറുന്നത്. സായാഹ്നമായിരിക്കുന്നു. പറമ്പ് ഒന്നുകൂടി സുന്ദരിയായി. മരങ്ങളോടും പുഴകളോടും പൂക്കളോടും വിടചൊല്ലി തെല്ല ദുഃഖത്തോടെ വീട്ടിലീക്കു മടങ്ങി.**

# ഇൻെറർ നെറ്റ്

***ജിഷ ( TEACHER )***

***"മോളേ അമ്മിണി'"മോളേ അമ്മിണി എഴുന്നേൽക്ക് നേരം ഒരുപാടായി. സ്കൂളിൽ പോണ്ടേ|""അമ്മ പോ ഞാൻ എഴുന്നേറ്റ"അമ്മിണി എഴുന്നേറ്റ് കമ്പ്യൂട്ടർ ഓണാക്കി ഇൻെറർനെറ്റ് എടുത്തു. നെറ്റ് ഓണാക്കി. അപ്പോഴതാ ഒരു മെസ്സേജ്."Hi"അമ്മിണി തിരിച്ചു ചോദിച്ചു "Who are you"" I am your friend. You call me uncle "ഇതായിരുന്നു അമ്മിണിയുടെ ചോദ്യത്തിൻെറ മറുപടി. കൂടെഇതും കൂടി ഉണ്ടായിരുന്നു. " എൻെറ മകളുടെ പ്രായമാണ് നിനക്ക്. നിൻെറ പേരെന്ത്" . അവൾ പറഞ്ഞു "എന്നെ അമ്മിണിന്ന് വിളിച്ചാൽ മതി".അമ്മിണിക്ക് അവളുടെ പുതിയ ഫ്രണ്ടിനെ ഇഷ്ടപ്പെട്ടു. ഇതിനിടയിലാണ് അമ്മ വിളിച്ചു ചോദിച്ചത് "മോളേ അമ്മിണി കുളികഴിഞ്ഞോ?" "അതെ" എന്നവൾ മറുപടി പറഞ്ഞു. കുളി കഴിഞ്ഞവൾ അടുക്കളയിൽ പോയി ഭക്ഷണം കഴിക്കുകയാണ്. അപ്പോഴുംഅവളുടെ മനസ്സിൽ അവളുടെ പുതിയ ഫ്രണ്ടിനെയാണ്. അവൾ ഭക്ഷണം കഴിച്ച് ഡ്രസ്സ് മാറ്റി റെഡിയായതിനു ശേഷം വീണ്ടും അവൾ കമ്പ്യൂട്ടറിൻെറ മുന്നിലെത്തി. പുതിയ അന്കിൾ പറഞ്ഞു "സ്കൂളിലേക്കുപോയിവാ ഞാൻ ഓഫീസിൽ പോകട്ടെ". "ഓക്കെ അങ്കിൾ" എന്നവൾ reply ചെയ്തു. സ്കൂൾബസ് വന്ന് ഹോണടിച്ചു അവൾ ബാഗുമായിഅമ്മയോട് യാത്ര പറഞ്ഞു പോയി. വണ്ടിയിൽ കയറി ഫ്രൺസിനെയെല്ലാം കണ്ടു. അവൾ ആരോടും പുതിയ ഫ്രണ്ടിൻെറ കാര്യം പറഞ്ഞില്ല.സ്കൂളിലെത്തി. ക്ലാസിൽ കയറി.ടീച്ചർ വന്നു. പാഠമെടുക്കുന്നു. അവൾ അപ്പോഴും ഇൻെറർനെറ്റിൻെറ ലോകത്താണ്. ടീച്ചർ അവളെ കൂടുതൽ ശ്രദ്ധിച്ചു. ഇൻെറർബെല്ലിന് ടീച്ചർ അവളോട് സ്റ്റാഫ്റൂമിൽ വരാൻ പറഞ്ഞു. അവൾ ശരിയെന്ന് പറഞ്ഞു. ടീച്ചർ പോയി.എന്തിനായിരിക്കും ടീച്ചർ തന്നോട് അങ്ങനെ പറഞ്ഞത് അവൾ ആലോചിച്ചു. ഇൻെറർബെല്ലടിച്ചു. അവൾ വേച്ചു വേച്ച് സ്റ്റാഫ്റൂമിൽ എത്തി. ടീച്ചർ അവളെ കണ്ടു. ടീച്ചർ അവളോട് അടുത്തേക്ക് വരാൻ പറഞ്ഞു. അവൾ ടീച്ചറുടെ അരികിൽ എത്തി. "എന്താ രേഷ്മ നീ ക്ലാസിൽ ശ്രദ്ധിക്കാത്തത്. നിനക്ക്് എന്തുപറ്റി". "how are you ? I am fine teacher".***

**എനിക്കൊന്നുമില്ല. ഇനി ഞാൻ ശ്രദ്ധിച്ചോളാം. ok എന്നു പറഞ്ഞ് ടീച്ചർ അവളെ ക്ലാസിലേക്ക് അയച്ചു. വൈകുന്നേരം**

**നാലു മണിക്ക് സ്കൂൾ വിട്ടു. അവൾ വീട്ടിൽ എത്തി. വേഗം റൂമിൽ പോയി ഇൻെറർനെറ്റ് എടുത്തുനോക്കി.**

**സ്കൂൾവിട്ടുവന്നോ.........അമ്മിണി?**

**എന്ന മെസ്സെജ്. ഞാൻ വീട്ടിൽ എത്തി എന്നവൾ പറഞ്ഞു. അഞ്ചുമണി വരെ അവൾ ചാറ്റ് ചെയ്തുകൊണ്ടിരുന്നു. അമ്മ വന്ന് അവളെ വഴക്കുപറഞ്ഞു. അവൾ വേഗം പോയി കുളിച്ച് ഭക്ഷണം കഴിച്ചു. പഠിക്കാനായിരുന്നു അമ്മയുടെ നിർദ്ദേശം. അവൾ റൂമിൽ കയറി വാതിലടച്ച് കമ്പ്യൂട്ടറിൻെറ വാതിൽ വീണ്ടും തുറന്നു. ഭക്ഷണം കഴിക്കുമ്പോൾ അമ്മ പറഞ്ഞ കാര്യം അവൾ അങ്കിളിനോടൊത്ത് പന്കുവച്ചു.**

**നാളെ അവധിയാണ്. മൂന്നുദിവസം സ്കൂൾ അവധിയും നാളെഞങ്ങൾ അമ്മാവന്റെ വീട്ടിൽ പോകും പിന്നെ, മൂന്നുദിവസംകഴിഞ്ഞെ വരൂ. ഇതു േകട്ട അങ്കിൾ അവളോട് പറഞ്ഞത് സാരമില്ല അമ്മിണി യാത്ര കഴിഞ്ഞ് വരൂ. എന്നിട്ട് നമുക്ക് കാണാമല്ലോ. ആട്ടെ നിന്റെ അച്ഛൻ എവിടെ?**

**അച്ഛൻ കമ്പിനിയിലേക്കു പോയി. അച്ഛന് തിരക്കാ പണം എന്ന വിചാരം മാത്രം നല്ല പണക്കാരനാ നിങ്ങളെന്തു ചെയ്യുന്നു?**

**ഞാൻ ഒരു ഫാക്ടറിയുടെ ഉടമയാണ്.**

***അപ്പോൾ തന്നെ അയാൾ വിഷയം മാറ്റി അതെന്തിനെന്ന് അമ്മിണിയക്ക് മനസ്സിലായില്ല.***

**അമ്മിണി പഠിച്ചു കഴിഞ്ഞൊ?**

**ക്ലാസില്ലല്ലോ ഡ്രസ്സ് എല്ലാം പാക്ക് ചെയ്യാനാ അമ്മ പറഞ്ഞത്? എന്തിനാ ഇത്ര വിഷമം എന്തായാലും പോയി വാ**

**സുഖയാത്ര അത് കഴിഞ്ഞ് മീറ്റ് ചെയ്യാം.**

**Ok ഞാൻ പോകുവാ അമ്മ വിളിക്കുന്നു Bye.**

**Ok good bye. All the best sweet days.**

**ഉടൻ അവൾ അവിടെ നിന്നെഴുന്നേറ്റ് ഡ്രസ്സ് പാക്ക് ചെയ്യാൻ തുടങ്ങി. അപ്പോഴാണ് അമ്മ വന്ന് പറഞ്ഞത് മോളേ ഇപ്പോൾ തന്നെ പുറപ്പെടാൻ അച്ഛൻ വിളിച്ചുപറഞ്ഞു.**

**വേഗം ഡ്രസ്സ് പാക്ക് ചെയ്ത് അലമാരയെല്ലാം ലോക്ക് ചെയ്യ്**

**കേട്ടോ, വാതിൽ close ചെയ്യ്. go fast.**

**അവൾ ഓക്കെ എന്ന് പറയേണ്ടി വന്നു. അമ്മ പറഞ്ഞതെല്ലാം ചെയ്ത് ബാഗെടുത്ത് വാതിലിനടുത്തെത്തി കമ്പ്യൂട്ടറിനെ ഒരുനോക്കുനക്കി സങ്കടപ്പെട്ട് വാതിലടച്ചു. നേരേ കാറിനടുത്തെത്തി. കാറിൽ കയറി. ആരോടും മിണ്ടതെ**

**ഒന്നും പറയാതെ അവൾ അമ്മാവന്റെ വീടെത്തികിട്ടി എന്നായിരുന്നു. വേഗം വീടെത്തിയിരുന്നെങ്കിൽ എന്നായിരുന്നു അവളുടെ മനസ്സ് പറയുന്നത്. അങ്ങനെ നാല്**

**ദിവസം കടന്നുപോയി.....വീടെത്തുന്നതിനു മുമ്പേ അമ്മയിൽ നിന്നും കീ വാങ്ങുന്നതുകണ്ട് അമ്മയും അച്ഛനും ചിരിക്കുകയാണ്. അത് അധികനേരത്തേക്കില്ലായിരുന്നു. ഗേറ്റ് തുറന്ന് കാർനീങ്ങി....വീടിൻെ്റ മുന്നിലെത്തി. കതക് തുറന്നപ്പോൾ കണ്ട കാഴ്ച അവരെ ഇല്ലാതാക്കി....... വീടിനുള്ളി ലെ എല്ലാ കതകും തുറന്ന് കിടക്കുന്നു, എല്ലാ അലമാരയും പൊട്ടിച്ചിരിക്കുന്ന ജനലുകൾ ഉൾപ്പെടെ , ചില വസ്തുക്കൾ അപ്രത്യക്ഷ്യം, അച്ഛൻെ്റ എല്ലാ ഡോക്കിമെൻെ്റസും കാണാതായിരിക്കുന്നു. സൂക്ഷിച്ചിരിക്കുന്ന പണം,സ്വർണ്ണം മുതലായ സ്വത്ത് എന്നീ വേണ്ടതെല്ലാം missing. ഇല്ലൊതെ ജീവിക്കുന്ന ആ വീട് കണ്ട് അച്ഛൻ തളർന്നു. അമ്മിണി ഇതു കണ്ട് തൻെ്റ റൂമിലേക്ക് ഓടി. അവിടെ ഇതേ അവസ്ഥ? കമ്പ്യൂട്ടറിന് കുഴപ്പമില്ല. ഇൻെ്റർനെറ്റ് എടുത്തു. അതിൽ അവൾ ചാറ്റ് ചെയ്തതെല്ലാം Delete ആയിരിക്കുന്നു. അതിൽ ഒന്നു മാത്രം.**


**“എന്നെന്നേക്കുമായി Good Bye”**

**അവളിലൂടെ ഇല്ലാതായ വീട് അവളെയും ഇല്ലാതാക്കിയേക്കാം............**

**“ചതിക്കുഴികളിൽപ്പെടുന്ന ഇൻെ്റർനെറ്റ്"**

***എന്നവൾ ഇൻെ്റർനെറ്റിനെ ശപിച്ചുകൊണ്ടേയിരുന്നു...........***

## Nature




**Across:**

4. loud noise in the sky
6. cloudlike mass close to ground
8. area of land covered in trees
9. fall from trees
10. after the rain comes the ____________
11. comes in flurries

**Down:**

1. tears from heaven
2. body of water
3. overgrown hill
5. anchoring trees to the earth
7. feels good when barefoot

**"ഉദ്ദേഷവും ലക്ഷ്യവുമില്ലാത്ത പരിശ്രമവും ധൈര്യവും അപൂർണ്ണമാണ്"**

**-John F Kennedy-**




**"ലോകം മാറ്റിമറിക്കാൻ നിങ്ങൾക്കുപയോഗിക്കാവുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം"**

**-**Nelson Mandela-



"മനസ്സാക്ഷിയെ ബാധിക്കുന്ന കാര്യത്തിൽ ഭൂരിപക്ഷനിയമത്തിന് പ്രത്യേക സ്ഥാനമൊന്നുമില്ല"

-Mahatma Gandhi-



"ശ്രമത്തിലാണ്,ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉളവാക്കുന്നത്. സമ്പൂർണ്ണ ശ്രമം സമ്പൂർണ്ണ വിജയം ആകുന്നു!"

-Mahatma Gandhi-

**"നിങ്ങൾ സൂര്യനെപ്പോലെ തിളങ്ങണമെങ്കിൽ ആദ്യം സൂര്യനെപ്പോൽ കത്തിജ്ജ്വലിക്കുക"**

A P J Abdul Kalam



**"ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം**

**നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം"**

**"സൗഹൃദമാണ് നിങ്ങളുടെ ഏറ്റവും വലിയ ദൗബല്യമെങ്കിൽ നിങ്ങളാണ് ലോകത്തിലെ ഏറ്റവും വലിയ ശക്തൻ"**

-Abraham Lincoln-




**"മതം ഒരു നുണയാണ്. മതത്തെ പറ്റി ദൈവത്തോട് ചോദിച്ചാൽ അതെന്താണെന്ന് ദൈവം തിരിച്ച് ചോദിച്ച്പോകും"**

-Kamala Surayya-



**"ഒരു കുട്ടി, ഒരു അധ്യാപിക, ഒരു പുസ്തകം പിന്നെ ഒരു പെൻ, ഇവയ്ക്ക് ഈ ലോകം മാറ്റിമറിക്കാൻ സാധിക്കും"**


-Malala Yousuafzai -



**"വാദിക്കുന്നത് വാദത്തിന് വേണ്ടിയാവരുത്.**

**സംശയ നിവൃത്തിക്കും, തത്ത്വപ്രകാശത്തിനും വേണ്ടിയാകണം"**

-Sri Narayana Guru-



**If you find happiness, people may be jealous. Be happy anyway**


-Mother Teresa-



**You cannot shake hands with clenched fist**

**-Indira Gandhi-**





**CHARLES BABAGE**


**(inventor of computer)**



**TIM BERNERS - LEE(inventor of internet)**

## DOUGLAS ENGEL BART

## (inventor of mouse)



## MARK ZUCKER BERG

## (founder of Facebook)






## SPENCER KIMBALL &PETER MATTIS

## (founder of GIMP)



**LARRY PAGE**

**&**

**SERGEY BRIN**

**(founder of GOOGLE)**



**JAN KOUM**

**(founder of what's App)**



**RICHARD STALL MAN**

**(founder of free software foundation)**



**WARD CUNNINGHAM**

**(founder of wikki pedia)**

-----------------------------------------------------------------